കോടതി വിട്ട വേറൊരു കോടതിയിലേക്ക് ജോലിക്കുവേണ്ടി മാറുന്നതിൽനിന്നോ അനുമാനിക്കാൻ കഴിയുന്നതു് ഇവർ അപ്രാപ്തന്മാരായ വക്കീലന്മാരാണെന്നല്ലേ?

Mr. Speaker: The question is meant for the expression of an opinion based on certain given assumptions.

സമുദായവിദ്വേഷപരമായ പ്രസംഗങ്ങൾ

* ൧൨൨. (൯൯) ശ്രീ. വി. കെ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സമുദായവിദ്വേഷം വളർത്തിക്കൊണ്ടുവിടത്തക്കവിധത്തിൽ, ഈ സംസ്ഥാനത്തു സമുദായനേതാക്കന്മാർ തുടർച്ചയായ പ്രസംഗങ്ങൾ നടത്തുന്നതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെയുള്ള പ്രസംഗങ്ങളെ തടയുന്നതിനു ഗവൺമെണ്ടു് എന്തെങ്കിലും നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൻ ഫിലിപ്പോസു്:

(എ) ചില പ്രസംഗങ്ങൾ സമുദായവിദ്വേഷമുണ്ടാക്കുവാൻ ഇടയുണ്ടെന്നുള്ള അഭിപ്രായഗതിയുണ്ടു്.

(ബി) സമുദായവിദ്വേഷം വളർത്തിപ്പിക്കുന്ന പ്രസംഗങ്ങളും പ്രവർത്തനങ്ങളും നടത്തിക്കൊണ്ടുപോകുന്നതു് ഒരു ഗവൺമെണ്ടിനും നല്ലതല്ല.

ശ്രീ. വി. കെ. വേലായുധൻ: അങ്ങനെ വന്നിട്ടുണ്ടെങ്കിൽ അതിന്മേൽ ഗവൺമെണ്ടു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

Mr. Speaker: It is a hypothetical question.

ശ്രീ. സി. വി. ഇയ്യു: സമുദായവിദ്വേഷത്തിന്റെ തോതു നിശ്ചയിക്കേണ്ടതെങ്ങനെയാണു്?

Sri. E. John Philipose: That is a matter of discretion with the Government.

ശ്രീ. എം. ഐ. പാപ്പൻ: സമുദായവിദ്വേഷം ഉണ്ടാകത്തക്ക പ്രസംഗങ്ങൾ പാടില്ലെന്നു പറഞ്ഞു. ഗവൺമെണ്ടു് അതിനുവേണ്ടി എന്തു നടപടിയെടുത്തിട്ടുണ്ടെന്നു പറയാമോ?

Sri. E. John Philipose: Government are doing everything possible to check it.

ശ്രീ. സി. വി. ഇയ്യു: ഇവിടെ ഇൻഡ്യയിൽ നടക്കുന്നതുപോലെ അക്രമങ്ങളോ, ആളെ കൊല്ലലോ സമുദായവിദ്വേഷംകൊണ്ടുണ്ടാകുന്നില്ലെന്നു് അറിയാമോ?

Mr. Speaker: That question need not be answered.

കമ്മറിക്കൽ

* ൧൨൩ (൪൦) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ കൊച്ചി സംയോജനത്തിനുശേഷം ഗവൺമെൻറിൽനിന്നും നിയമിച്ചിട്ടുള്ള കമ്മറിക്കൽ ഏതെല്ലാമെന്നു് പറയുവാൻ ദയവുണ്ടാകുമോ?

(ബി) കമ്മറിക്കളുടെ നിയമനങ്ങളിൽ വർഗ്ഗീയ പ്രാതിനിധ്യമോ കായ്ക്ഷമതയോ ഏതാണു് സ്വീകരിച്ചിട്ടുള്ളതെന്നു് പയയുമോ?

ശ്രീ. ഇ ജാൺഫിലിപ്പോസ്: ഉത്തരം തയാറായിട്ടില്ല.

പെൻഷൻകാരുടെ ഉദ്യോഗം

* ൧൨൪ (൪൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) പെൻഷൻപറ്റി പിരിഞ്ഞിട്ടുള്ള എത്രപേർ ഇന്നു് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഉദ്യോഗത്തിൽ ഇരിക്കുന്നു എന്നും, അവരിൽ തിരുവിതാംകൂർ-കൊച്ചി സർവ്വീസുകളിൽ നിന്നും പെൻഷൻ പറ്റിയവർ എത്രയെന്നും പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൻഷൻ പറഞ്ഞിട്ടുള്ളവരെ വീണ്ടും നിയമിക്കുമ്പോൾ അവരുടെ പെൻഷനും, ഇപ്പോഴത്തെ ഉദ്യോഗത്തിനുള്ള ശമ്പളവും ലഭിക്കുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ :

(എ) ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ ൭, അതിൽ തിരുവിതാംകൂറിൽ നിന്നും പെൻഷൻ പറ്റിയവർ ൫, കൊച്ചിയിൽനിന്നു പെൻഷൻ പറ്റിയവർ ൨. ഗസറ്റഡ് അല്ലാത്ത ഉദ്യോഗസ്ഥന്മാരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

(ബി) ഉണ്ടു്.

ജലദൌർലഭ്യം

*൨൩൫ (൪൨) ശ്രീമതി ദേവകിഗോപിദാസു് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യ വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ?

കോട്ടയം പട്ടണത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഭയങ്കരമായ ജല ദൌർലഭ്യത്തെ പരിഹരിക്കുന്നതിനു് ഗവൺമെന്റിനു് എന്തെങ്കിലും ശരിയായ പദ്ധതി ഉണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : കോട്ടയത്തു ജലവിതരണ പദ്ധതിക്കുള്ള സാദ്ധ്യതകൾ എത്രമാത്രമുണ്ടെന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റു് അതിനെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണു്. ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുന്നു.

ഗവൺമെന്റിൽനിന്നും നടത്തിയിട്ടുള്ള നിയമനങ്ങൾ

*൨൩൬ (൪൩) ശ്രീമതി ദേവകി ഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷനെ നിയമിച്ചതിനുശേഷം ഗവൺമെന്റിൽ നിന്നും നേരിട്ടു നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രയെന്നു് പറയുവാൻ ദയവുണ്ടാകുമോ?

(ബി) അപ്രകാരമുള്ള നിയമനത്തിൽ, പബ്ലിക്കു് സർവ്വീസു് കമ്മീഷനുമായി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് :

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷന്റെ രൂപവൽക്കരണത്തിനുശേഷം കമ്മീഷനുമായി ആലോചിക്കാതെ ഗവൺമെന്റിൽ നിന്നും നേരിട്ടു് സ്ഥിരനിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി ദേവകി ഗോപിദാസു് : സ്ഥിരമില്ലാത്ത നിയമനങ്ങളും നടത്തുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : അടിയന്തിരാവശ്യം വരുന്ന പക്ഷത്തിൽ ചിലപ്പോൾ ഗവൺമെന്റുതന്നെ നിയമനം നടത്താറുണ്ടു്.

ശ്രീ. ഈപ്പൻ അറക്കൽ : പബ്ലിക്കുസർവ്വീസു് കമ്മീഷനുമായി ആലോചിക്കാതെ തന്നെ ചില നിയമനങ്ങളും നടത്താൻ ഗവൺമെന്റിനു അധികാരമില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : ചില നിയമനങ്ങളും ഗവൺമെന്റിനുതന്നെ നേരിട്ടു നടത്താവുന്നതാണു്.

ശ്രീ. സി. വി. ഇയ്യു : മുൻ പറഞ്ഞ അടിയന്തിരാവശ്യം പ്രമാണിച്ചു് ഗവൺമെന്റു ഇതിനകം എത്ര നിയമനങ്ങൾ നടത്തി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീമതി ദേവകി ഗോപിദാസു് : സർക്കാർ വക്കീലന്മാരെ നിയമിക്കുന്ന കാര്യത്തിൽഗവൺമെന്റിനു് പബ്ലിക്കു സർവ്വീസു് കമ്മീഷനുമായി ആലോചിക്കേണ്ട കാര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly